ലേഖനം നമ്പർ - 13

# വിശുദ്ധ കുർബ്ബാന – ലഘുവ്യാഖ്യാനം

## പ്രോമിയോൻ, ഹൂസോയോ, സെദറാ:

വായനകഴിഞ്ഞ് പട്ടക്കാരൻ വലതുകൈ ഉയർത്തി റൂശ്മാ ചെയ്യുന്നു. ജനനം മുതൽ ഉയർത്തെഴുന്നേല്പു വരെയുള്ള രക്ഷണ്യപ്രവർത്തനത്തിന്റെ ഭൗമിക ആവിഷ്കരണമാണ് ഏവൻഗേലിയോന്റെ തുടക്കത്തിലും സമാപനത്തിലും ക്രമീകരിച്ചിരിക്കുന്ന സമാധാനത്തിന്റെ സന്ദേശത്തിലൂടെ സംവേദിക്കപ്പെടുന്നത് (Physical Expression)

ആദിമസഭ ചെയ്തിരുന്നത് വചനം വായിച്ചുകഴിഞ്ഞാലുടൻ അതിനെ ആധാരമാക്കി പ്രസംഗിക്കുകയായിരുന്നു. ആളുകൾ കൂർബ്ബാനകൾക്ക് താമസിച്ചു വരുവാൻ തുടങ്ങിയപ്പോഴാണ് ഈ പതിവു മാറ്റി പ്രസംഗം അവസാനത്തേക്കാക്കിയത്. സുവിശേഷ വായനക്കുശേഷം "യജമാനൻ വരുമന്നേര"മെന്ന ഗീതമോ, അതാതു ദിവസത്തിന്റെ പ്രത്യേക ഗീതമോ ചൊല്ലുന്നു. വചനം കേൾക്കുന്ന വിശ്വാസികൾ അലസതകൂടാതെ ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യണമെന്ന ആഹ്വാനമാണ് ഇതിന്റെ പ്രധാനഉദ്ദേശ്യം. വായനക്കുശേഷം പട്ടക്കാരൻ ത്രോണോസിന്റെ പടിയുടെ താഴെ വന്നു നിൽക്കുന്നു.

അടുത്തതായി പട്ടക്കാരൻ വായിക്കുന്ന മൂന്നു പ്രധാനപ്രാർത്ഥനകളാണ് പ്രോമിയോൻ, ഹൂസോയോ, സെദ്റാ എന്നിവ. വിശ്വാസികളെ കുർബ്ബാനയിൽ സംബന്ധിക്കുവാൻ സജ്ജമാക്കുന്നതാണ് ഈ പ്രാർത്ഥന. മിശിഹായുടെ തിരുമുമ്പിൽ പൊന്ന്, മുര്, കുന്തിരിക്കം എന്നിവ വിദ്വാൻമാർ കാഴ്ച വെച്ചതു പോലെ നമ്മുടെ ദേഹവും, ദേഹിയും, ആത്മാവും ദിവ്യ ബലിക്കു മുമ്പാകെ സമർപ്പിച്ച് പാപ പരിഹാരത്തിന് യാചിക്കണമെന്ന് തുടർന്നുള്ള പ്രാർത്ഥനകൾ ഉൽബോധിപ്പിക്കുന്നു. പ്രോമിയോൻ വായനതുടങ്ങുന്നതിനു മുമ്പ് വിശ്വാസികൾ എല്ലാവരും നല്ലവണ്ണം നിൽക്കണമെന്ന് അർത്ഥമുള്ള "സ്തൗമൻ കാലോസ്"'എന്ന് ശുശ്രൂഷകൻ വിളിച്ചുപറയുന്നു.

**പ്രൊമിയോൻ**: പ്രൊമിയോൻ എന്ന വാക്കിന്റെ അർത്ഥം **"**മുഖവുര**"** എന്നാണ്. നാം എല്ലാവരും കർത്താവിനോട് അനുഗ്രഹങ്ങളും കരുണയും യാചിക്കണമെന്നു തുടങ്ങുന്ന ഈ പ്രാർത്ഥനയിൽ യേശുക്രിസ്തുവിന്റെ പ്രതിപുരുഷനായി നില്ക്കുന്ന പട്ടക്കാരൻ തുയോബോ സമയത്ത് ശോശപ്പായുടെ മടക്കി വച്ചിരുന്ന ഭാഗം നിവർത്തുന്നു. കർത്താവിന്റെ കല്ലറയുടെ മുദ്ര നീക്കിയതിന്റെ പ്രതീകമാണിത്. പ്രോമിയോനുശേഷം ധൂപാർപ്പണത്തിനായി പട്ടക്കാരൻ ധൂപക്കൂറ്റിയിൽ കുന്തിരിക്കം വാഴ്ത്തി ഇടുന്നു. എന്തിനുവേണ്ടി കുന്തിരിക്കം ഇടുന്നു എന്ന് വ്യക്തമാക്കുന്ന "ബാറെക്മോർ അനുഗ്രഹിക്കുന്നവനായ കർത്താവിന്റെ മുൻപാകെയും... അനുഗ്രഹങ്ങളും മനോഗുണവും യാചിക്കണം" എന്ന പ്രാർത്ഥന ഒരു ശുശ്രുഷകൻ ചൊല്ലുന്നു. ധൂപക്കുറ്റിയിൽ നിന്നുയരുന്ന ധൂപ പടലവും സുഗന്ധവും ദൈവത്തിനു പ്രസാദകരമാകുന്നതു പോലെ വിശ്വാസികളായ ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും സ്വീകരിച്ച് ഞങ്ങളുടെ മേൽ കരുണ ചെയ്യേണമെന്ന് പ്രതിവാക്യമായി ചൊല്ലുന്നു.

**ഹൂസോയോ**: (പാപമോചനപ്രാർത്ഥന):– പുത്രൻ തമ്പുരാനെസംബോധനചെയ്തുകൊണ്ട് പാപമോചനത്തിനുള്ള പ്രാർത്ഥനയാണിത്. പാപമോചനാധികാരം ക്രിസ്തുവിനു മാത്രമാണ്. പട്ടക്കാരൻ ജീവിച്ചിരിക്കുന്നവർക്കും, വാങ്ങിപ്പോയവർക്കും പാപമോചനത്തിനായി കണ്ണുനീരോടെ പ്രാർത്ഥിക്കുന്നു. ഇത് ഹൃദയ സ്പർശിയായ ഒരു പ്രാർത്ഥനയാണ്. കാരണം ഭൂസ്വർഗ്ഗത്തിലുള്ള എല്ലാവരും ഒരു കുടുംബമായി വി. കൂർബ്ബാനയിൽ സന്നിഹിതരാണ്. സത്യ കൃസ്ത്യാനികൾക്ക് അനുയോജ്യമായ നല്ല ഒരു അവസാനത്തിനായും പ്രാർത്ഥിക്കുന്നു.

**സെദറാ**: പ്രാർത്ഥനകളുടെ **"**നിര**"** എന്നർത്ഥം. വേദപുസ്തകത്തിലെ സംപുഷ്ടമായ ധ്യാനങ്ങളാണ് സെദറായിലെ ഉള്ളടക്കം. പലതരത്തിലുള്ള "സെദറാ"'കളുണ്ട്. കർത്താവിന്റെ മനുഷ്യാവതാരത്തെ ഓർക്കുന്നത്, വി. കൂർബ്ബാനയുടെ അർത്ഥവും വ്യാപ്തിയും കുറിക്കുന്നത്, വി.റൂഹായുടെ ആവസിപ്പിനു വേണ്ടിയുള്ളത്, വി. കൂർബ്ബാനഅനുഭവിക്കു ന്നതിനുള്ളത്. ഇതിൽ നിന്ന് പട്ടക്കാർ സന്ദർഭാനുസരണം തിരഞ്ഞെടുക്കുന്നു. സെദറായ്ക്കു ശേഷം ജനം കർത്താവ് അവിടുത്തെ ശുശ്രൂഷ കൈക്കൊള്ളുകയും അവിടുത്തെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുകയും ചെയ്യുമാറകട്ടെ" എന്നു പറയുന്നു. ദൈവത്തിൽ നിന്ന്.... കൈക്കൊള്ളുമാറാകട്ടെ" എന്ന് പട്ടക്കാരൻ പറയുമ്പോൾ ജനം പ്രതിവാക്യമായി ആമേൻ' പറയുന്നു. സെദറായിലെ എല്ലാ പ്രാർത്ഥനകളും വേദപുസ്തക അടിസ്ഥാനത്തിലുള്ളതാണ്.

*(തുടരും...)* ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ*
*ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only***
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 8 ● ISSUE : 5 MAY 2014

## എഡിറ്റോറിയൽ

### ഉത്തമവിശ്വാസം

ഏകദേശം ഒരു ശദാബ്ദക്കാലം മുമ്പ് ടെക്സാസിലെ ഗാൽവെസ്റ്റൺ എന്ന സമുദ്രതീര പട്ടണത്തിൽ വേലിയേറ്റമുണ്ടായി ജീവനും, സ്വത്തിനും വലിയ നാശ നഷ്ടമുണ്ടായി. ഇനിയും അങ്ങിനെയുണ്ടാവാതിരിക്കാൻ ഒരു വലിയ കടൽ ഭിത്തി കെട്ടുവാൻ ദൈവവിശ്വാസിയായ ഒരു എഞ്ചിനീയറെ ഏൽപ്പിച്ചു. അയാൾ പതിനേഴടി പൊക്കമുള്ള ബലവത്തായ ഒരു ഭിത്തി നിർമ്മിച്ചു. വളരെ വർഷങ്ങൾക്കുശേഷം ഈ എഞ്ചിനീയർ അലാസ്ക്കായിൽ ഒരു പ്രോജക്ട് ചെയ്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന് ഒരു കമ്പി സന്ദേശം ലഭിച്ചു. അതിന്റെ ചുരുക്കം ഗാൽവെസ്റ്റൺ കടൽഭിത്തി തകർന്നെന്നായിരുന്നു. ദൈവവിശ്വാസിയായ അദ്ദേഹത്തിന് അത് സാദ്ധ്യമല്ലെന്ന് ഉത്തമ വിശ്വാസമുണ്ടായിരുന്നു. അദ്ദേഹം ഉടനെ സഹപ്രവർത്തകനോട് ഇതിൽ എന്തോ പിശകുണ്ടെന്ന് തറപ്പിച്ചു പറഞ്ഞു. സന്ദേശം തെറ്റായിരുന്നെന്ന് പിന്നീടു തെളിഞ്ഞു.

കൊച്ചുകുട്ടികൾക്ക് അച്ഛനമ്മമാരോടുള്ള വിശ്വാസവും, സ്നേഹവും നാം കാണുന്നുണ്ടല്ലൊ. രണ്ടും, മൂന്നും വയസുള്ള കൊച്ചുകുട്ടികൾ ഉയരമുള്ള സ്ഥലത്തു നിന്ന് നീട്ടിപിടിച്ച അവരുടെ പിതാവിന്റെ കൈകളിലേക്ക് ചാടുന്ന കാഴ്ച സാധാരണമാണല്ലൊ. ആ കുട്ടികൾ പിതാവിനോടുള്ള അവരുടെ സ്നേഹവും വിശ്വാസവും കാരണം താഴെ വീണാലുള്ള ഭവിഷ്യത്ത് ഓർത്ത് ഭയപ്പെടാറില്ലല്ലൊ.

ഒരിക്കൽ മേഘങ്ങൾക്കിടയിലൂടെ, ഏകദേശം 35000 അടി ഉയരത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്ന ഒരു വിമാനം വലിയ ഒരു Air Pocket- ൽ വീണ് ഭയങ്കരമായി ഉലഞ്ഞു. യാത്രക്കാരെല്ലാം ബഹളവും, കരച്ചിലും ആരംഭിച്ചു. ചെറിയ ഒരു പെൺകുട്ടി മാത്രം കളിപ്പാട്ടവുമായി കളിച്ചു കൊണ്ട് വളരെ സമാധാനമായി സന്തോഷത്തോടെ ഇരുന്നത് ബാക്കി യാത്രക്കാരെ അത്ഭുതപ്പെടുത്തി. കുറച്ചു സമയം കൊണ്ട് വിമാനത്തിന്റെ ബാലൻസ് തിരിച്ചു കിട്ടുകയും യാത്രക്കാരുടെ ഭയം വിട്ടുമാറുകയും ചെയ്തു. വിമാനം സാധാരണ നിലയിൽ Land ചെയ്ത ശേഷം പെൺകുട്ടിയുടെ അടുത്തിരുന്നവർ അവളോട് അവളുടെ ധൈര്യത്തെക്കുറിച്ച് ചോദിച്ചു. അപ്പോൾ അവളുടെ ഉത്തരം എല്ലാവരെയും ചിന്തിപ്പിക്കുന്നതാക്കി. അവൾ പറഞ്ഞു "വിമാനം പറത്തിയിരുന്ന പൈലറ്റ് എന്റെ അച്ഛനായിരുന്നു. അച്ഛന് ഒരു പിഴവും സംഭവിക്കില്ലെന്ന് ഉറപ്പുണ്ടായിരുന്നതു കൊണ്ടാണ് എനിക്ക് അങ്ങിനെ പെരുമാറാൻ സാധിച്ചത്". ഇങ്ങിനെ ഒരു കുട്ടിക്ക് സ്വന്തപിതാവിൽ ഇത്രയധികം വിശ്വാസമുണ്ടെങ്കിൽ എല്ലാം സാധിച്ചു തരുന്ന നമ്മുടെ സ്വർഗ്ഗീയ പിതാവിനോട് നാം എത്രയധികം വിശ്വാസവും സ്നേഹവും ഉള്ളവരായിരിക്കണം.

ദൈവം നമ്മോടുകൂടെയുണ്ട് എന്ന ബോദ്ധ്യം നമുക്കുണ്ടെങ്കിൽ നമുക്ക് സംതൃപ്തിയും സമാധാനവും കൈ വരും. "യഹോവ എന്നോടുകൂടെയുണ്ട്, ഞാൻ പേടിക്കയില്ല. മനുഷ്യന് എന്നോട് എന്തു ചെയ്യുവാൻ കഴിയും" എന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്. ദൂരെയാത്രപോകുന്ന കൊച്ചുമകന് അച്ഛൻ ആവശ്യത്തിന് പണവും, ഉപദേശങ്ങളും കൊടുക്കുന്നതിലും താൽപര്യം അച്ഛൻ കൂടെ ചെല്ലാമെന്ന് പറയുന്നതല്ലേ?

യിസ്രായേൽ ജനത്തിന്റെ നേതൃത്വം ഏറ്റെടുക്കുവാൻ മോശെയോട് ദൈവം ആവശ്യപ്പെട്ടപ്പോൾ വിക്കനായ മോശ തന്റെ കഴിവുകേടുകളുമായി പിൻതിരിയാൻ ശ്രമിക്കയായിരുന്നു. എന്നാൽ ഞാൻ നിന്നോടുകൂടെയിരിക്കുമെന്ന വാഗ്ദാനം ദൈവത്തിൽ നിന്നു ലഭിച്ചപ്പോൾ മോശ ധൈര്യമായി ചുമതല ഏറ്റെടുത്തു. യേശു നമ്മോടുകൂടെയുണ്ട്. നമ്മെ എപ്പോഴും കാത്തു സൂക്ഷിക്കുന്നു എന്നു വിശ്വസിച്ചാൽ നമ്മുടെ ജീവിതം സഫലമാകും. ■

## ഇടയ ലേഖനം

### ആത്മവിശ്വാസം കടുത്താൽ

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



ചിന്തിച്ചശേഷം പറയുകയോ പ്രവർത്തിക്കുകയോ ആവാം എന്നാണ് മഹത്വചനം. പ്രവർത്തിച്ചശേഷം ചിന്തിക്കാൻ ഒരുങ്ങിയാൽ "താമസിച്ചു പോയി" എന്ന ഭാവമാവും മുമ്പിൽ വരുക. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ശീമോൻ പത്രോസ് വേണ്ടവിധം ചിന്തിക്കാതെ പ്രവർത്തിച്ചിരുന്ന ഒരാളായിരുന്നു എന്നു തോന്നുന്നു. സാത്താൻ ക്രിസ്തുശിഷ്യരെ "പതിർപോലെ പേറ്റിക്കൊഴിക്കാൻ" വന്നപ്പോൾ ഗുരു അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അവരെ രക്ഷപ്പെടുത്തി. തന്റെ പീഢാനുഭവത്തിനു തൊട്ടുമുമ്പാണീ സംഭവം. മറ്റുള്ളവരുമായി താരതമ്യം ചെയ്ത് (ദേവാലയത്തിൽ പ്രാർത്ഥിക്കാൻ പോയ പരീശനെപ്പോലെ) ശീമോൻ പത്രോസ് ഇങ്ങിനെ അവകാശപ്പെട്ടു : "എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഇടറുകയില്ല." എല്ലാവരും ഇടറും എന്ന് ഗുരു പറഞ്ഞതിനെ ഖണ്ഡിക്കാൻ ശ്രമിക്കുകയായിരുന്നു ശീമോൻ. ഇവിടെ വെളിപ്പെടുന്ന, മനുഷ്യ ദൗർബ്ബല്യം യേശു തുറന്നു കാട്ടുന്നു. "ഇന്ന് കോഴികൂകുന്നതിനു മുമ്പ് നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയും." എന്നാൽ തിരിച്ചു വരാൻ പത്രോസിനു പഴുതുണ്ട്.

എന്താണ് സംഭവിക്കുന്നത്? പത്രോസിന്റെ അമിതമായ ആത്മവിശ്വാസമോ, അതോ അഹംഭാവമോ?

'തനിക്കു താൻപോരും' എന്നാണ് അഹംഭാവമെന്ന കടുത്ത ആത്മവിശ്വാസത്തിന്റെ മുഖമുദ്ര. സൃഷ്ടിയുടെ കാലം മുതൽ ദൈവം മനുഷ്യനെ പഠിപ്പിക്കാനാഗ്രഹിക്കുന്ന പാഠമിതാണ്. "മനുഷ്യനു തന്നെത്തന്നെ ആശ്രയിച്ചു ജീവിക്കാനാവില്ല ; അതായത് ദൈവത്തെ ആശ്രയിക്കാതെ മനുഷ്യനു നിലനിൽപ്പില്ല." ഈ തത്വം ലംഘിക്കാൻ മനുഷ്യൻ ശ്രമിച്ചപ്പോഴൊക്കെ അത്യാഹിതങ്ങൾ സംഭവിച്ചിട്ടുണ്ട്. 'അഹം' തീരെയില്ലാത്ത ഒരു മനുഷ്യനുമില്ലതന്നെ. മറ്റു തിന്മകളും, സ്വഭാവവൈകൃതങ്ങളും നീങ്ങിയാലും അവസാനം വരെ മനുഷ്യ ഹൃദയത്തോട് പറ്റിച്ചേർന്നു നിൽക്കുന്നത് അഹംഭാവമാണെന്നുംപ റയപ്പെടുന്നു.വ ർദ്ധമാനമായഅ ഹംഭാവംവ ീഴ്ചയിലേക്കു തന്നെ നയിക്കും. ഇത്തരക്കാർ ആരെയും വകവെയ്ക്കുകയില്ല. സമൂഹശാസ്ത്രത്തിൽ അഹംഭാവികളുടെ എണ്ണം വർദ്ധിക്കുന്ന മുറയ്ക്ക് സമൂഹത്തിന് അപജയവും, അഴിവും കൂടിവരും.

ഈ ദുർഗുണത്തെ എങ്ങനെ ജയിക്കും? അഭിമാനവുമായി ബന്ധപ്പെട്ടിരിക്കുന്നതു കൊണ്ടാണ് അഹംഭാവത്തിന് ഇത്ര മൂർച്ച. ഇതിനെതിരെ ഒറ്റമൂലി ഒന്നേയുള്ളൂ– വിനയം ശീലിക്കുക. വിനയം സ്വർഗ്ഗത്തെ ഈ ഭൂമിയിലെത്തിക്കാൻ പോരുന്നതാണ്. ഈ ഭൂമി കണ്ടിട്ടുള്ളതിൽ ഏറ്റവുമധികം വിനയം ശീലിച്ചവനായി കാണപ്പെട്ടിട്ടുള്ളത് യേശുക്രിസ്തുവാണ്. തന്റെ കവിളിൽ പ്രഹരിച്ചപ്പോഴും, രോഷത്തോടെ പ്രതികരിക്കാതെ "ഞാൻ എന്തു ദോഷം ചെയ്തു?" എന്ന ചോദ്യം മാത്രം. അദ്ദേഹത്തിൽ അഹംഭാവത്തിന്റെ കണികപോലുമില്ല. ''ദൈവപുത്ര''നാണെന്ന ''പത്രാസു''മില്ല. തന്നിൽ നിന്നാണ് നാമെല്ലാം വിനയം പഠിക്കേണ്ടത്. അത് വിജയത്തിലേക്കു നയിക്കും–ഉയിർപ്പിന്റെ സന്തോഷത്തിലേക്കും, ശാന്തിയിലേക്കും! ■

## വികാരിയുടെ കത്ത്

# വയൽപരപ്പിലെ മാവ്



**ഫാ. അലക്സ് പി. ജോർജ്ജ്**

*“വിത്തിന്റെ സ്വപ്നം വൃക്ഷം*
*വൃക്ഷത്തിന്റെ സ്വപ്നം*
*നിറയെ കായ്ക്കുന്നതും*
*ആകാശത്തേയ്ക്ക് ചില്ലകൾ നീട്ടി*
*കാറ്റിനൊത്ത് നൃത്തം ചെയ്യുന്നതുമാണ്”*

എറണാകുളം – തൃശ്ശൂർ ട്രെയിൻയാത്രയിൽ കണ്ണിൽ പതിഞ്ഞ ഒരു കാഴ്ചയാണ് ഈ തലക്കെട്ടിന് ആധാരം. വിശാലമായ വയൽപരപ്പിന്റെ നടുവിൽ ഒരു മാവ് വളരുന്നത് അത്ര സാധാരണ കാഴ്ചയല്ല. ഈ വയലിൽ കൃഷ് ചെയ്തിട്ട് നാളേറെയായിട്ടുണ്ട്. ഈ കാഴ്ച വളർത്തുന്ന ചില ആത്മീയ വിചാരങ്ങൾ പങ്കുവെയ്ക്കാം.

ഒരു മാവിന് വളരുവാൻ അനുയോജ്യമല്ലാത്ത സ്ഥലമാണ് കൃഷിഭൂമി, സാധാരണ ഉറച്ച മണ്ണിലാണല്ലോ വൻവൃക്ഷങ്ങൾ വളരുന്നത്. സ്വന്തവളർച്ചയ്ക്ക് ആവശ്യമായ സാഹചര്യങ്ങൾ ഇല്ലാഞ്ഞിട്ടും ഈ വൃക്ഷം വളർന്നു. ജീവിതത്തിൽ വളർച്ചയ്ക്കാവശ്യമായ എല്ലാ ക്രമീകരണങ്ങൾ ഉണ്ടായിട്ടും നാം എന്തുമാത്രം വളർന്നു. ലോകവ്യാപാരങ്ങളിലും, ദൈവബന്ധത്തിലും ഈ ചോദ്യം പ്രസക്തമാണ്. ഓരോ തലമുറയും അനന്തരഗാമികൾക്ക് മെച്ചമായ ജീവിത സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നുണ്ട്. ഈ ചുറ്റുപാടുകളെ നമുക്ക് പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നുണ്ടോ?

യെശ. 5:1 – 12 വാക്യങ്ങളിൽ മുന്തിരിത്തോട്ടത്തിന്റെ ഉപമ പറയുന്നുണ്ട്. കഷ്ടാനുഭവ ആഴ്ചയിൽ പല ആവർത്തി വായിച്ചുകേൾക്കുന്നതാണ് ഈ വേദഭാഗം. പ്രത്യേകം സംരക്ഷണം ലഭിച്ച മുന്തിരിത്തോട്ടത്തിന്റെ കഥയാണ് പ്രവാചകൻ പറയുന്നത്. കരുതൽ ഏറെ ലഭിച്ചിട്ടും ഈ തോട്ടത്തിലെ മുന്തിരിത്തോട്ടത്തിൽ കാട്ടുമുന്തിരിങ്ങാ കായ്ച്ചു. വി. ലൂകോ. 13:6–9 വാക്യങ്ങളിൽ മുന്തിരിത്തോട്ടത്തിൽ നട്ട അത്തിവൃക്ഷത്തെക്കുറിച്ച് ക്രിസ്തുവും ഉപമ പറയുന്നുണ്ട്. ഈ രണ്ട് സംഭവങ്ങളിലും പ്രതിപാദിയ്ക്കുന്നത് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടായിട്ടും ഫലം പുറപ്പെടുവിക്കാത്ത സസ്യങ്ങളെയാണ്. വയലിൽ വളരുന്ന മാവും, പ്രവാചകന്റെ മുന്തിരിത്തോട്ടവും, ക്രിസ്തുവിന്റെ അത്തിവൃക്ഷവും ചേർത്ത് ചിന്തിക്കണം.

അനുകൂലമായ സാഹചര്യങ്ങൾ എല്ലാ മേഖലയിലും ഉണ്ടായിട്ടും നമ്മൾ എത്രത്തോളം വളർന്നു. പഠിക്കാൻ അവസരങ്ങൾ, പള്ളിയിൽ പോകാൻ അവസരങ്ങൾ. പഠിച്ചും വളരുന്നില്ല, പ്രാർത്ഥിച്ചും വളരുന്നില്ല. ലോകചരിത്രത്തെ സ്വാധീനിച്ച വ്യക്തികളെ ശ്രദ്ധിക്കുക, അവരൊക്കെ വളർന്ന് വലുതായത് ആവശ്യമായ കരുതൽ ലഭിച്ചിട്ടല്ല. പ്രതികൂല സാഹചര്യങ്ങളിൽ പടപൊരുതി ഉയർന്നു വന്നവരാണ്. നമുക്ക് ആരോഗ്യത്തിന് വെള്ളവും, വളവും ലഭിക്കുന്നുണ്ട്. ഫലം പാകമാകുമ്പോൾ കാട്ടുമുന്തിരിങ്ങാ. സഭയാകുന്ന മുന്തിരിത്തോട്ടത്തിലാണ് നാം വളരുന്നത്. യജമാനൻ വരുമ്പോൾ ഫലം ഇല്ല. കാര്യസ്ഥന്റെ മദ്ധ്യസ്ഥതയാൽ ഊഴം നീട്ടിക്കിട്ടുന്നുണ്ട്.

മലങ്കരസഭയുടെ അകത്തും പുറത്തുമുള്ള വിമർശകർ പറയാറുണ്ട് എന്നും കേസാണ് സാക്ഷ്യം ഇല്ലന്ന്. നിത്യവ്യവഹാരിയായ ഈ സഭയിൽ നിന്നാണ് പരി. പരുമല തിരുമേനി, പരി. വട്ടശ്ശേരിൽ തിരുമേനി, മിഷണറി വീരന്മാരായ പത്രോസ് മാർ ഒസ്താത്തിയോസ്, ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ്, തികഞ്ഞ പണ്ഡിതനായ പൗലൂസ് മോർ ഗ്രീഗോറിയോസ് എന്നീ മഹാരഥന്മാർ ഉണ്ടായത്. അപ്പോൾ പ്രശ്നം സഭയുടേതല്ല, നിൽക്കുന്ന മണ്ണിന്റേതല്ല. നാം എന്തു സ്വീകരിക്കുന്നു എന്നതാണ്.

വളക്കൂറുള്ള തോട്ടത്തിലെ മുന്തിരിച്ചെടിക്ക് കാട്ടുമുന്തിരിങ്ങാ ഉണ്ടായി. മുന്തിരിത്തോട്ടത്തിലെ അത്തിവൃക്ഷത്തിന് ഫലം ഇല്ല. പ്രത്യേകം വേലികെട്ടി, സമയാസമയങ്ങളിൽ വെള്ളവും വളവും നൽകി സുരക്ഷിതഭൂമിയിൽ വളരുന്ന ചെടികൾ ഫലശൂന്യം, കൃഷിചെയ്യാതെ തരിശായിതീർന്ന വയലിൽ ഒരു മാവ് തളിരിട്ട് വളർന്നു വലുതായിക്കൊണ്ടിരിക്കുന്നു. സ്വന്തവളർച്ചയ്ക്ക് അവശ്യമായത് സ്വീകരിക്കുക, ഫലം താനെ വന്നുകൊള്ളും. ഏതു മണ്ണിലും വളമുണ്ട്. അതിനെ സ്വീകരിക്കുവാൻ വൃക്ഷത്തിന് വേരുകളുമുണ്ട്. ഈ തിരിച്ചറിവുണ്ടായാൽ നല്ല ഫലം തീർച്ചയായും ഉണ്ടാവും. ■

## കുടുംബ വിശേഷങ്ങൾ

### മാമോദീസ

അയ്യപ്പൻകാവ് ചെറുവത്തൂർ ശ്രീ. സാജു ചിന്നന്റെയും ശ്രീമതി മിമ മാനുവലിന്റെയുംമ കൾസ ൂസന്റെ( Smirna Saju)മ ാമോദീസ 27.4.2014 –ൽ കത്തീഡ്രലിൽ സ്വീകരിച്ചു.

### വി. കുർബ്ബാനസമയം

**എളംകുളം ചാപ്പൽ :**

May. 11 - 7.00 a.m., May. 18 - 10.30 a.m.,
May. 25 - 7.00 a .m., Jun. 01 - 10.30 a.m.

**സെമിത്തേരിമുക്ക് ചാപ്പൽ :**

May. 18 - 7.30 a.m., Jun. 01 - 7.30 a.m.
എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m

### വിശേഷ ദിവസങ്ങൾ

**മെയ്**

| | | |
|---|---|---|
| 15 | വ്യാഴം | കതിരുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ ഓർമ്മ |
| 16 | വെള്ളി | യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ ഓർമ്മ(കൊരട്ടി) |
| 29 | വ്യാഴം | സ്വർഗ്ഗാരോഹണ പെരുന്നാൾ |

**ജൂൺ**

| | | |
|---|---|---|
| 8 | ഞായർ | പെന്തിക്കോസ്തി ഞായർ<br>കത്തിഡ്രലിൽ 7 ന് ആരംഭിക്കുന്ന ഒരു വി. കുർബ്ബാന മാത്രം<br>എളംകുളം ചാപ്പലിൽ 6.30 ന് ആരംഭിക്കുന്ന വി.കുർബ്ബാന |

### നിര്യാതരായി

കലൂർ ചീരൻസിൽ ശ്രീ. സി. സി. സഖറിയ (70) 16.4.2014–ൽ നിര്യാതനായി. 17.04.2014 –ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

കൊച്ചുകടവന്ത്ര പുത്തൻവീട്ടിൽ ശ്രീ. രാജൻ സാമുവൽ(52) 25.4.2014–ൽ നിര്യാതനായി. എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.



**ശ്രീമതി സൂസൻ ജോർജ്ജ് കൈമൂട്ടിൽ**

എളംകുളം കൈമൂട്ടിൽ ശ്രീമതി സൂസൻ ജോർജ്ജ് (87) 28.04.2014–ൽ നിര്യാതയായി. 29.4.2014 –ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാജ്ഞലികൾ*





# വിശുദ്ധവാരാഘോഷം – കത്തീഡ്രലിൽ

### ഓശാന ഞായർ







### ദു:ഖ വെള്ളിയാഴ്ച







### ഉയിർപ്പ്





ഈ വർഷത്തെ വിശുദ്ധ വാരാഘോഷം ഏപ്രിൽ മാസം 13–ാം തീയതി മുതൽ 20–ാം തീയതി വരെയുള്ള ദിവസങ്ങളിൽ കത്തീഡ്രലിൽ ഭക്തിപൂർവ്വം ആചരിച്ചു. ഓശാന ഞായറാഴ്ച മുതൽ ഹാശായുടെ ചൊവ്വാഴ്ച വരെയുള്ള ദിവസങ്ങളിൽ സന്ധ്യാ നമസ്ക്കാരത്തിനു ശേഷം ഫാ. ജോൺ വി. ജോൺ, ഫാ. യാക്കോബ് തോമസ്, ഫാ. കെ. വി. ഏലിയാസ് എന്നിവരുടെ ധ്യാനപ്രസംഗമുണ്ടായിരുന്നു. എളംകുളം ചാപ്പലിലും, കത്തീഡ്രലിലും പെസഹാശുശ്രൂഷ നടത്തി. ദു:ഖ വെള്ളിയാഴ്ച ശുശ്രൂഷയും, ഉയിർപ്പിന്റെ ശുശ്രൂഷയും ഫാ. പി. ഐ. വറുഗീസ്, ഫാ. ഒ.ജെ. ജേക്കബ്, ഫാ. അലക്സ് പി. ജോർജ്ജ് എന്നിവർ ചേർന്നാണ് നടത്തിയത്. ദു:ഖ വെള്ളിയാഴ്ച ധ്യാനപ്രസംഗം അഡ്വ. ജോർജ്ജ് സക്കറിയയുടേതായിരുന്നു.




ഈ വർഷത്തെ O.V.B.S ഏപ്രിൽ 21 മുതൽ 26 വരെ കത്തീഡ്രലിൽ നടത്തി. 150 വിദ്യാർത്ഥികൾ പങ്കെടുത്തു. എല്ലാ ദിവസവും ക്ലാസ്സ് ആരംഭിക്കുന്നതിന് മുമ്പ് അദ്ധ്യാപകർക്കും, കുട്ടികൾക്കും പ്രത്യേകമായി വേദപുസ്തക ധ്യാനം ഉണ്ടായിരുന്നു. ഭൂമിയും അതിന്റെ പൂർണ്ണതയും യഹോവയ്ക്കുള്ളത്. എന്ന വേദവാക്യമായിരുന്നു ഈ വർഷത്തെ ചിന്താവിഷയം. ഈ വിഷയത്തെ ആസ്പദമാക്കിയായിരുന്നു പാഠ്യപദ്ധതി ക്രമീകരിച്ചിരുന്നത്. ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ ശ്രീ. കെ. വി. കുര്യാക്കോസ്, ഡിസ്ട്രിക്ട് ഇൻസ്പെക്ടർ ശ്രീ. ബെന്നി പോൾ എന്നിവർ, ഒ. വി. ബി. എസ് ക്ലാസ്സുകൾ സന്ദർശിച്ചു വേണ്ട നിർദ്ദേശങ്ങൾ നൽകി. കഥകളും, പാട്ടുകളും, വേദപുസ്തക വാക്യങ്ങളും പഠിക്കുവാൻ കുട്ടികൾക്കുള്ള സുവർണ്ണാവസരമായ ഒ.വി.ബി.എസ്. 26–ാം തീയതി ശനിയാഴ്ച സമാപിച്ചു.












